# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1291 — 12.06.2014-ൽ മറുപടിക്ക്**

**കാവനാൽ കടവ്, ഓട്ടാഫീസ് കടവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.മാത്യു റ്റി.തോമസ് | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| --- | --- |
| (എ) തിരുവല്ല നിയോജക മണ്ഡലത്തിലെ കാവനാൽ കടവ്, ഓട്ടാഫീസ് കടവ് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തനം ത്വരിതപ്പെടുത്തുന്നതിന് ബഹു.മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ് ; | (എ) ഇതുസംബന്ധിച്ച യോഗ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത തീരുമാനങ്ങൾ പ്രകാരം പണികൾ നടക്കുന്നുണ്ടോ ;<br>(സി) ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) & (സി) പ്രസ്തുത തീരുമാനങ്ങൾ പ്രകാരം പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. എന്നാൽ ഓട്ടാഫീസ് കടവ് പാലത്തിന്റെ സംരക്ഷണഭിത്തിയുടേയും അപ്രോച്ച് റോഡിന്റേയും പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (ഡി) പണികൾ പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ഡി) പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) പ്രസ്തുത പാലങ്ങൾ ജനങ്ങൾക്ക് എന്ന് തുറന്നു കൊടുക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (ഇ) കാവനാൽ കടവ് പാലം ഒക്ടോബർ മാസം പൂർത്തിയാക്കി നവംബറിൽ തുറന്നു കൊടുക്കാനാകുമെന്നും ഓട്ടാഫീസ് കടവ് പാലം ജൂലായിൽ പൂർത്തിയാക്കി ഓഗസ്റ്റിൽ തുറന്നു കൊടുക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

**പത്തനംതിട്ട ജില്ലയിലെ തിരുവല്ല നിയോജകമണ്ഡലത്തിലെ ഓട്ടാഫീസ് കടവ്, കാവനാൽ കടവ് പാലങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 17.12.2013 ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് ശ്രീ.മാത്യു ടി.തോമസ് എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ, ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. യോഗം 3.00 മണിയ്ക്ക് ആരംഭിച്ചു.

തിരുവല്ല നിയോജകമണ്ഡലത്തിലെ ഓട്ടാഫീസ് കടവ്, കാവനാൽ കടവ് പാലങ്ങളുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നതു സംബന്ധിച്ച തദ്ദേശീയരുടെ ആശങ്ക ബഹു. എം.എൽ.എ. വിശദീകരിച്ചു. ഈ രണ്ടു പാലങ്ങളുടെയും നിർമ്മാണം എഗ്രിമെന്റ് വച്ച് 2010- ൽ തന്നെ ആരംഭിച്ചു എങ്കിലും ഇതേവരെ പണി പൂർത്തിയായിട്ടില്ല എന്നും മാസങ്ങളായി പണിയൊന്നും നടക്കുന്നില്ല എന്നും കോൺട്രാക്ടറായ ശ്രീ.ജോസ് തോമസിൽ നിന്ന് യാതൊരു മറുപടിയും ഇതു സംബന്ധിച്ച് ലഭിക്കുന്നില്ല എന്നും അദ്ദേഹം പറഞ്ഞു. കോൺട്രാക്ടർ ഉന്നയിക്കുന്നതുപോലെ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവൊന്നും നിലവിലില്ല. സ്ഥലമെടുപ്പ്, Utility Shifting ഇവ സംബന്ധിച്ച പ്രശ്നങ്ങളിൽ ആവശ്യമെങ്കിൽ വേണ്ട വിധം ഇടപെട്ട് പരിഹാരം കാണാവുന്നതാണെന്നും എം.എൽ.എ. അഭിപ്രായപ്പെട്ടു.

മേൽപ്പറഞ്ഞ പാലങ്ങളുടെ, മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഉടൻ തന്നെ തുടങ്ങുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യണമെന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു. തൃപ്തികരമല്ലാത്ത നിലയിൽ പ്രവൃത്തി നടത്തുന്ന കരാറുകാരനെ 'Risk and Cost' -ൽ കരാർ റദ്ദു ചെയ്ത് റീ ടെണ്ടർ ചെയ്യുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. രണ്ടു പ്രവൃത്തികൾക്കും 'Mile Stones' നിശ്ചയിച്ച് അതിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്ന് പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കി.

വകുപ്പു തലത്തിൽ ചെയ്യേണ്ട കാര്യങ്ങൾക്ക് ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് ബഹു.മന്ത്രി നിർദ്ദേശിച്ചു.

**യോഗതീരുമാനങ്ങൾ**

1. ഓട്ടാഫീസ് കടവ് പാലം നിർമ്മാണം സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള 'Programme of Works' പ്രകാരം പണി

പൂർത്തിയാക്കേണ്ടതാണ്. ഫെബ്രുവരി 15 വരെയുള്ള പ്രവർത്തന പുരോഗതി നിരീക്ഷിച്ച ശേഷം തൃപ്തികരമല്ലെങ്കിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നോട്ടീസ് മുഖേന "റിസ്ക് & കോസ്റ്റ്" -ൽ കരാർ റദ്ദാക്കുകയും റീടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2. അഞ്ചു സ്പാനുകൾ ഉള്ള കാവനാൽ കടവ് പാലത്തിന്റെ ആദ്യത്തെ സ്പാനിനായി കെട്ടി വച്ചിട്ടുള്ള കമ്പി ഇനിയും ഉപയോഗിക്കാമോ എന്നതു സംബന്ധിച്ച് ജനുവരി 4 -ാം തീയതി ശനിയാഴ്ച ചീഫ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധന നടത്തി, ജനുവരി 10 -നകം പ്രസ്തുത സ്പാനിന്റെ കോൺക്രീറ്റിംഗ് പൂർത്തിയാക്കേണ്ടതാണ്. പ്രസ്തുത പാലം നിർമ്മാണം സംബന്ധിച്ച് ഡിവിഷൻ തലത്തിൽ ഒരു യോഗം ചേർന്ന് 'Programme of Works' തയ്യാറാക്കുകയും അതനുസരിച്ച് പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിക്കുകയും വേണം. രണ്ടു മാസത്തെ പുരോഗതി നിരീക്ഷിച്ച് തൃപ്തികരമല്ലെങ്കിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നോട്ടീസ് മുഖേന "റിസ്ക് & കോസ്റ്റ് -ൽ കരാർ റദ്ദാക്കുകയും റീടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

യോഗം 3.30 -ന് അവസാനിച്ചു.

സെക്ഷൻ ഓഫീസർ